## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 252 | 04.02.2013-ൽ മറുപടിയ്ക്ക്

### ശ്രീ. കെ. സുധാകരൻ എം.പി.ക്കെതിരായ കേസ്സിന്റെ വിശദാംശങ്ങൾ

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അനധികൃത ബാർ ലൈസൻസ് നൽകുന്നതിൽ ബഹു: സുപ്രീം കോടതി ജഡ്ജി സാമ്പത്തികാഴിമതി നടത്തുന്നതിന് താൻ സാക്ഷിയാണെന്ന് ശ്രീ. കെ. സുധാകരൻ എം.പി. പൊതുയോഗത്തിൽ പ്രസംഗിച്ചതു സംബന്ധിച്ച് തിരുവനന്തപുരം മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | തിരുവനന്തപുരം സിറ്റിയിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഇതു സംബന്ധിച്ച് ക്രൈം നം 123/2011 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | കേസ് അന്വേഷിക്കുന്ന ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് കമ്മീഷണർ പ്രസംഗം നടത്തിയ ആളിനെ ചോദ്യം ചെയ്യുകയുണ്ടായോ; എങ്കിൽ, എപ്പോൾ; എവിടെ വെച്ച്; വിശദാംശം നൽകുമോ; | (ബി) | കേസ് അന്വേഷണ അവസ്ഥ യിലായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ ഇപ്പോൾ നിർവ്വാഹമില്ല. |
| (സി) | അന്വേഷണറിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ